II ഇ.ബി. XVI- കേരള നിയമസഭ/I-6

**പതിനാറാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ജൂലൈ 1, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

22(*151) ദേവസ്വം ബോർഡുകളുടെ സാമ്പത്തിക സ്ഥിതി

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ) നൽകിയ മറുപടിയിൽ, ദേവസ്വം ബോർഡുകളുടെ സാമ്പത്തിക സ്ഥിതി സർക്കാർ വിലയിരുത്തിയിട്ടുണ്ടെന്നും വരവിനേക്കാൾ ചെലവ് അധികരിക്കാതിരിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നുണ്ടെന്നും വഴിപാട്, വഴിപാടേതര വരുമാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. മലബാർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിനായി സർക്കാർ ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ടെന്നും ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിക്കുന്നതെന്നും വരുമാനം അതത് ക്ഷേത്രത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് നിക്ഷേപിക്കുന്നതെന്നും ഗുരുവായൂർ ദേവസ്വത്തിൽ എല്ലാ സ്രോതസ്സുകളിൽനിന്നുമുള്ള വരുമാനം ഉറപ്പുവരുത്തുന്നുണ്ടെന്നും നിലവിലെ സാമ്പത്തിക സ്ഥിതി ഭദ്രമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. തിരുവിതാംകൂർ, കൊച്ചിൻ, മലബാർ, ഗുരുവായൂർ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ വികസന പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടപ്പാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടെന്നും 'വിഷൻ 2031' പ്രകാരം 2026-27-ലെ ശബരിമല തീർഥാടനം കൂടുതൽ സുഗമമാക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനം, തീർഥാടക നിയന്ത്രണം എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ നിയന്ത്രണത്തിലുള്ള ദേവസ്വം

ബോർഡുകളിലെ പരമ്പരാഗത/പാരമ്പര്യ തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ളവയിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാണ് സ്ഥിരനിയമനങ്ങൾ നടത്തുന്നതെന്നും സുപ്രീം കോടതി ഉത്തരവുപ്രകാരം ഗുരുവായൂർ ദേവസ്വത്തിലെ നിയമന നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്നും ഗുരുവായൂർ ക്ഷേത്രത്തിലെ പാർക്കിങ് പ്രശ്നം പരിഹരിക്കുന്നതിനും ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നിലയ്ക്കലിന്റെ വികസനം സാധ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

23(*152) <u>വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ കൈവരിച്ച നേട്ടങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടിയിൽ, സംസ്ഥാന സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും (AVPPL) തമ്മിൽ 2015-ൽ വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായി കൺസെഷൻ കരാറിൽ ഏർപ്പെട്ടെങ്കിലും നിർദിഷ്ട കാലയളവിനുള്ളിൽ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തതിനാൽ സപ്ലിമെന്ററി കൺസെഷൻ കരാറിലൂടെ പ്രവൃത്തി പൂർത്തീകരിച്ച് 2024 ഡിസംബറിൽ തുറമുഖത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ 3085.52 കോടി രൂപ ചെലവാക്കിയിട്ടുണ്ടെന്നും അദാനി കമ്പനിക്ക് 817.80 കോടി രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടായി കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. പദ്ധതി പ്രദേശത്ത് ഭാവിയിൽ തീരശോഷണംമൂലം വീട് നഷ്ടപ്പെടാൻ സാധ്യതയുള്ളവരുടെ പുനരധിവാസംകൂടി ഉറപ്പാക്കുന്ന തരത്തിൽ 475 കോടി രൂപയുടെ സമഗ്ര പുനരധിവാസ പാക്കേജിന് 2015-ൽ അന്നത്തെ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തുറമുഖ നിർമ്മാണംമൂലം ജീവനോപാധി നഷ്ടപ്പെടുന്ന പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനുമായി Livelihood Impact Appraisal Committee (LIAC)-യെയും അപ്പീലുകൾ പരിശോധിക്കുന്നതിന് LIAC അപ്പീൽ കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും വിവിധ വിഭാഗങ്ങളിലായി നാളിതുവരെ 114.54 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്നും 2960 മീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

തുറമുഖ അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മലബാർ ഇന്റർനാഷണൽ ഗ്രീൻഫീൽഡ് പോർട്ടിന്റെ നിർമ്മാണത്തിന് പ്രാമുഖ്യം നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

24(*153) <u>ആരോഗ്യ കേരളത്തിനായി നടപടികൾ</u>

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ) നൽകിയ മറുപടിയിൽ, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കൽ, വ്യായാമം ഉറപ്പാക്കൽ, പുകയില-മദ്യ ഉപയോഗം കുറയ്ക്കൽ, പരിസ്ഥിതി സംരക്ഷണം ശക്തിപ്പെടുത്തൽ എന്നിവയിലൂടെ രോഗ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും രോഗവ്യാപനം കുറയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പകർച്ചവ്യാധികളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തി പ്രതിരോധ മാർഗങ്ങൾ നിർദേശിക്കാനായി സർക്കാർ-സ്വകാര്യ മേഖലകളിലെ പ്രഗത്ഭരായ ഡോക്ടർമാരെയും അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി സംസ്ഥാന-ജില്ലാ-സ്ഥാപന തലത്തിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും ഡെങ്കിപ്പനിക്കെതിരെ വ്യാപകമായി ഉറവിട നശീകരണ കാമ്പയിൻ നടത്തിവരുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. കോളറ ഉൾപ്പെടെയുള്ള ജലജന്യരോഗങ്ങൾ പ്രതിരോധിക്കുന്നതിനായി കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയും ബോധവൽക്കരണവും നടത്തിവരുന്നുണ്ടെന്നും സംസ്ഥാനത്തുടനീളം ജൂൺ 15 മുതൽ ജൂലൈ 31 വരെ 'സ്റ്റോപ്പ് ഡയറിയ' കാമ്പയിൻ നടപ്പാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മാലിന്യ സംസ്കരണത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതാണെന്നും ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25(*154) <u>വ്യോമയാന മേഖലയുടെ വികസനം</u>

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടിയിൽ, കേരളത്തെ ഏഷ്യയിലെ പ്രധാന ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട് ഒരു വ്യോമയാന നയം പ്രഖ്യാപിക്കുമെന്നും സഭയെ അറിയിച്ചു. സിമുലേറ്റർ അധിഷ്ഠിത പൈലറ്റ് പരിശീലന കേന്ദ്രങ്ങൾ, വിമാന പരിപാലന എഞ്ചിനീയറിങ് പരിശീലന-നൈപുണ്യ വികസന

സംവിധാനങ്ങൾ, എയ്റോപാർക്ക്, എയ്റോസിറ്റി പദ്ധതികൾ എന്നിവ നടപ്പാക്കുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. കാർഷിക, മത്സ്യ, ഫാർമ മേഖലകളിലെ കയറ്റുമതി ശക്തിപ്പെടുത്തുന്നതിനായി സംയോജിത പാക്ക്ഹൗസ് (Pack House)-ഉം ഫാർമ-കാർഗോ സൗകര്യങ്ങളും വികസിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതോടൊപ്പം ലോജിസ്റ്റിക്സ് പാർക്കുകൾ, ഫ്രീ ട്രേഡ് വെയർഹൗസ് സോണുകൾ എന്നിവ ഉൾപ്പെടുന്ന അനുബന്ധ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്നും കൊച്ചിൻ എയർപോർട്ടിനോട് അനുബന്ധമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്ലോബൽ കൺവെൻഷൻ സെന്റർ ആരംഭിക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുടെ അംഗീകാരത്തിനുള്ള (ഇൻ-പ്രിൻസിപ്പിൾ) അപേക്ഷ DPR സഹിതം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും ഭൂമിയേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിന് ഒരു വർഷത്തേക്ക് ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. സംസ്ഥാനത്തെ വ്യോമയാന കണക്റ്റിവിറ്റിയും പ്രകൃതിദുരന്ത വേളകളിലെ അടിയന്തര ഗതാഗത ആവശ്യങ്ങളും പരിഗണിച്ച് ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി പഠനം നടത്തിവരുന്നുണ്ട്. സ്പെഷ്യൽ അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് (SASCI) ഫണ്ട് ഉപയോഗിച്ച് വയനാട് ജില്ലയിൽ 5 ഹെലിപാഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിമാനക്കമ്പനികളുടെ ചാർജ് വർധന നേരിടുന്നതിന് ബദൽ മാർഗങ്ങൾ പരിഗണിക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

******